**ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരസ്പരം ഇടപെടാനുള്ള സന്ദർഭങ്ങൾ വർദ്ധിച്ചുവരികയും സാമൂഹ്യ പ്രവർത്തകരുടെ ബോധപൂർവ്വമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവുകയും ചെയ്യുമ്പോൾ കേരളത്തിലെ 'സദാചാര പ്രശ്നങ്ങളിൽ' മാറ്റമുണ്ടാകുമെന്ന് ചരിത്രപശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നു**

**ഡോ. പി. രൺജിത്ത്**

# സദാചാരകേരളം: പുതിയതും പഴയതും

**രണ്ടു** വയസുള്ള കുഞ്ഞുങ്ങൾ മുതൽ 80 കഴിഞ്ഞ മുത്തശ്ശിമാർ വരെ ലൈംഗികാക്രമണത്തിനു വിധേയമാകുന്ന, പകൽ സദാചാരപ്പോലീസായും, രാത്രി പെൺവാണിഭക്കാരായും ഒരേ ആളുകൾ തന്നെ വേഷംമാറുന്ന, പൊതു ഇടങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യക്തമായ അസ്പൃശത പാലിക്കുന്ന ഇന്നത്തെ മലയാളിയുടെ മാനസിക വൈകല്യത്തിനു കാരണംതേടി ഭൂതകാലം തിരയുന്ന ഒരാൾക്ക് തികഞ്ഞ അത്ഭുതമാണ് ഉണ്ടാവുക.

കോളനിവത്കരണത്തിനും ആധുനികതക്കും മുമ്പ് മലയാളിയുടെ സ്ത്രീപുരുഷബന്ധങ്ങൾ വ്യത്യസ്തതയുടെ ഒരു ലോകമായിരുന്നു. സദാചാരഭ്രംശം സംശയിച്ചുകൊണ്ട് സ്ത്രീകളെ നീണ്ട വിചാരണ ചെയ്യുന്നതിനായി ശിക്ഷിക്കുന്ന നമ്പൂതിരി പുരുഷന്മാർക്ക് തൊട്ടയൽപക്കത്ത് ഒരൊറ്റ പുരുഷനെ മാത്രം സ്വീകരിക്കുന്നത് ഒരു പോരായ്മയായി കണ്ട് രണ്ടോ മൂന്നോ പേരെ അവർക്ക് നീരസം തോന്നാതെ തന്നെ 'സംബന്ധക്കാരായും' 'രഹസ്യക്കാരായും' കൊണ്ടുനടക്കാൻ കഴിവുള്ള നായർ സ്ത്രീകളുമുണ്ടായിരുന്നു. ഈഴവർക്കും നായന്മാർക്കും മാപ്പിളമാർക്കും സ്ത്രീപുരുഷബന്ധങ്ങളിലുണ്ടായിരുന്ന വൈവിധ്യവും തുറന്ന സമീപനവും ഇന്ന് നമ്മെ വിസ്മയിപ്പിക്കും. മോർഗനും ഏംഗൽസും മുതൽ ജി. അരുണിമ വരെയുള്ള ഗവേഷകരുടെ പല തലമുറകൾ തന്നെ ആ സമൂഹങ്ങളുടെ ബന്ധങ്ങളെപ്പറ്റി നീണ്ടകാലം പഠനം നടത്തിയിരുന്നു.

ഓരോ സമൂഹ്യവിഭാഗത്തിലും അഥവാ ജാതി/ഉപജാതിയിലും പുരുഷന് സ്ത്രീയോടുള്ളസമീപനം ഭിന്നമായിരുന്നു എന്നാണ് കഥകളിലും പാട്ടുകളിലും സാഹിത്യരചനകളിലും നിന്ന് നമുക്ക് മനസിലാക്കാൻ കഴിയുന്നത്. പുരുഷന്റെ പെരുമാറ്റത്തോടുള്ള പ്രതികരണമെന്ന നിലയിൽ സ്ത്രീകളുടെ സമീപനത്തിലും ഈ വൈവിധ്യം പ്രകടമാണ്. സഞ്ചാരികളുടെയും മിഷനറിമാരുടെയും കോളനി ഉദ്യോഗസ്ഥരുടെയും വിവരണങ്ങളിൽ ഇവർക്കെല്ലാം പ്രത്യേകം പ്രത്യേകമായ ചില ലക്ഷ്യങ്ങൾ ഉണ്ടെങ്കിൽ പോലും, വരികൾക്കിടയിലൂടെ വായിക്കുമ്പോൾ ധാരാളം സൂചനകൾ ലഭിക്കുന്നുണ്ട്. എന്താണ് കുടുംബം എന്നതിന്,



യമായ ആയിരക്കണക്കിന് കവിതകൾ രചിക്കപ്പെട്ടിട്ടുണ്ട്. പ്രമേയത്തിന്റെ വകഭേദങ്ങളിലൊന്നായി കവികൾ സങ്കൽപ്പിച്ചിരുന്ന 'കളവ്' സമൂഹത്തിന്റെ എതിർപ്പിനെ തുടർന്നുള്ള ഒളിച്ചോട്ടം കൂടിയാണ്. സംഘകാലകവിതയിൽ ലൈംഗികത ധ്വന്യാത്മകസൂചനകൾ മാത്രമായി ഒതുങ്ങിയെങ്കിൽ പിൽക്കാലത്ത് ക്ഷേത്രച്ചുമരുകളിൽ ഇത് പ്രതീകാത്മക ചിത്രീകരണമായി രൂപം മാറുന്നു. ഇന്ന് നമുക്ക് അജ്ഞാതമായ ഒരു മാനം അന്ന് ലൈംഗികതയ്ക്കുണ്ടായിരുന്നു എന്ന് ഖജുരാവോയും കൊണാർക്കും തെളിയിക്കുന്നുണ്ടല്ലോ. കോളനിപൂർവ്വകാലത്തെ ഇന്ത്യൻ നാഗരികതയിൽ ലൈംഗികത അത്ര നിഗൂഢതയുള്ള ഒന്നല്ല. എന്നാൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നതുപോലെ അതൊരു വലിയ വ്യവസായവുമായിരുന്നില്ല.

പഴയകാലത്ത് പുരുഷമേധാവിത്വമുള്ള കൂട്ടുകുടുംബങ്ങളിൽ സ്ത്രീയുടെ അവസ്ഥ ശോചനീയമായിരുന്നു എന്നു പറയേണ്ടതില്ല. കേരളത്തിൽ നമ്പൂതിരി, ക്രിസ്ത്യൻ കൂട്ടുകുടുംബങ്ങളിൽ മാത്രമാണ് കൃത്യമായ പുരുഷമേധാവിത്വം ഉണ്ടായിരുന്നത്. സ്ത്രീകൾ ഏറ്റവുമധികം പീഡനങ്ങൾ ഏറ്റുവാങ്ങിയിരുന്നത് സമ്പത്തുകൊണ്ടും അധികാരംകൊണ്ടും സാമൂഹ്യ- ആത്മീയപദവികൊണ്ടും ഏറ്റവും ഉയർന്നുനിന്നിരുന്ന നമ്പൂതിരിമാരിലായിരുന്നു എന്നത് വലിയൊരു വൈപരീത്യമാണ്. സമപ്രായക്കാരായ ആൺകുട്ടികളും പെൺകുട്ടികളും തുറന്ന് ഇടപഴകിയിരുന്നതും വലിയ വിലക്കുകൾ അവർക്കുമേൽ മുതിർന്നവർ അടിച്ചേൽപ്പിക്കാതിരുന്നതും ആദിവാസി വിഭാഗങ്ങളിലും ഒരുപരിധിവരെ ദളിത് സമൂഹങ്ങളിലുമാണ്. സമൃദ്ധമായി

**ആധുനികവൽക്കരണം ലോകത്ത് മിക്കയിടത്തും അടഞ്ഞ സമൂഹങ്ങളെ കൂടുതൽ തുറന്നതാക്കിയപ്പോൾ കേരളത്തിൽ അത് കൂടുതൽ അടഞ്ഞ സമൂഹത്തെ സൃഷ്ടിക്കാനാണ് പ്രേരകമായത്. കൊളോണിയൽ മൂന്നാം സംസ്കാരം എന്ന് ചരിത്രകാരന്മാർ വിളിക്കുന്ന പ്രതിഭാസം തന്നെയായിരിക്കണം കേരളത്തിന്റെ പിന്നാക്കം മറിച്ചിലിന്റെ കാരണം**

ഒന്ന് പാഠപുസ്കങ്ങളിൽ നാം പഠിപ്പിക്കുന്നതുപോലെ അച്ഛൻ, അമ്മ, മക്കൾ എന്ന ലളിതവൽകരിച്ച ഉത്തരമല്ല അന്നു ലഭിക്കുക. പൊതുവിൽ പുരുഷകേന്ദ്രിത കൂട്ടുകുടംബങ്ങളാണ് ഉണ്ടായിരുന്നതെങ്കിലും കാലഘട്ടത്തിനനുസരിച്ചും ജാതികൾക്കനുസരിച്ചും അവയിൽ വ്യത്യസ്ത ഘടനകളുണ്ടായിരുന്നു. കൂട്ടുകുടുംബത്തിലെ അംഗങ്ങൾ - സ്ത്രീകളും കുട്ടികളും പുരുഷന്മാരും - കുടുംബബന്ധങ്ങളെ കാണുന്ന രീതിയിലും വ്യത്യാസങ്ങളുണ്ട്. അണുകുടുംബത്തിൽ ഉണ്ടെന്ന് നാം അഭിമാനിക്കുന്ന അച്ഛനും അമ്മയ്ക്കും നേർസഹോദരങ്ങൾക്കും മാത്രം തോന്നുന്ന ദൃഢമായ പരസ്പരബന്ധം ആ രീതിയിൽ കൂട്ടുകുടംബങ്ങളിൽ ഉണ്ടാകില്ല. മറിച്ച് സമപ്രായക്കാരുടെ വലിയ സംഘങ്ങൾക്കായിരുന്നു അവിടെ ദൃഢബന്ധങ്ങൾ ഉണ്ടായിരുന്നത്.

പ്രണയത്തെ സംബന്ധിച്ചാണെങ്കിൽ ഏതാണ്ട് രണ്ടായിരം വർഷത്തെയെങ്കിലും ചരിത്രം നമുക്കിപ്പോൾ സ്വരൂപിക്കാനാവും. ഉപജാതികൾക്കോ അനുവദനീയമായ പരിധിക്കോ ഉള്ളിൽ സാമൂഹ്യസ്ഥാനങ്ങൾക്കനുസൃതമായി രൂപംകൊള്ളുന്ന സ്വാഭാവികപ്രണയങ്ങൾ സമൂഹം എതിർത്തതായി കാണുന്നില്ല. എന്നാൽ ജാതിവ്യവസ്ഥ രൂപംകൊണ്ടതിനുശേഷം ജാതിനിയമങ്ങളെയോ കീഴ്വഴക്കങ്ങളെയോ നിഷേധിക്കുന്ന പ്രണയങ്ങൾക്ക് മിക്കപ്പോഴും സമൂഹത്തിൽ നിന്ന് പുറംതള്ളലും അപൂർവ്വമായി മരണവുമായിരുന്നു ശിക്ഷ. അതിനാൽ ഇത്തരം പ്രണയങ്ങളിൽ ഒരിക്കലും മടങ്ങിവരാത്ത നാടുവിട്ടുപോകൽ ആണ് അതിജീവനത്തിന് സഹായകമായിരുന്നത്. കേരളത്തിന്റെ ചരിത്രയുഗത്തിന്റെ ആരംഭമായ സംഘകാലത്ത് സ്ത്രീപുരുഷബന്ധങ്ങൾ മാത്രം വിഷ

രുന്ന കാടുകളും ഒഴിഞ്ഞ പറമ്പുകളും പ്രണയത്തിന് ഉചിതമായ പശ്ചാത്തല മൊരുക്കിയിരിക്കണം. ക്ഷേത്രശാഖക ളിൽ പോലും അടിയാൻ – അടിയാത്തി, പുലയൻ – പുലച്ചി, വേലൻ – വേലത്തി എന്നിങ്ങനെ ജോഡികളായി ട്ടാണ് ഇവരെ പരാമർശിക്കുന്നത്. എന്നാൽ നമ്പൂതിരിയെയോ ഉന്നതരായ നായർ വിഭാഗക്കാരെയോ ഒരിക്കലും ഇത്തരത്തിൽ പരാമർശിച്ച് കണ്ടിട്ടില്ല.

അതേസമയം ജന്മിമാരുടെയോ നാടുവാഴികളുടെയോ കാഴ്ചപ്പാടിൽ അടിയാളരുടെ ശരീരം അവർക്ക് എപ്പോഴും വിധേയമാവേണ്ടതാണ്. അവരെ ചെറുത്തുനിൽക്കുന്ന സ്ത്രീകൾക്കുള്ള അത്യന്തിക ശിക്ഷ മരണമായിരുന്നു. ചിലപ്പോൾ പൂമാണയ് പൊന്നമ്മയെപ്പോലെ അവർ പ്രതിഷേധത്തിന്റെ നായികമാരായി പിൽക്കാലത്ത് മാറാം. നമ്പൂതിരിമാർക്ക് നായർ– അമ്പലവാസി സ്ത്രീകളോടുള്ള ബന്ധം ഇത്രതന്നെ ബലപ്രയോഗത്തിന്റെ അടിസ്ഥാനത്തിലുള്ളതല്ലെങ്കിലും അടിസ്ഥാനപരമായി ശരീരത്തിന്റെ വിധേയത്വം അവർ കാംക്ഷിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾക്കിടയിലും നായർ – ഈഴവസമുദായങ്ങൾ, പ്രത്യേകിച്ചും തെക്കേ മലബാർ, കൊച്ചി, മധ്യതിരുവിതാംകൂർ പ്രദേശങ്ങളിലെ നായർ സമൂഹസ്ത്രീകൾക്ക് ഒരുപരിധിവരെ സ്വയം നിർണയാവകാശം ലഭിക്കുന്ന ബന്ധങ്ങൾ വളർത്തിയെടുത്തു എന്നത് ശ്രദ്ധേയമാണ്. ലോകമൊട്ടാകെ നരവംശശാസ്ത്രജ്ഞർ അതൊരു മാതൃകയായി പഠിക്കുന്നു.

ഇപ്പോഴത്തെ കേരളം സ്ത്രീപുരുഷബന്ധത്തിൽ പ്രകടിപ്പിക്കുന്ന അസഹിഷ്ണുത, ഈ പശ്ചാത്തലത്തിൽ നമ്മെ വളരെയേറെ അത്ഭുതപ്പെടുത്തുന്നു, ചിന്തിപ്പിക്കുന്നു. 19, 20 നൂറ്റാണ്ടുകളിൽ നടന്ന വലിയൊരു പരിവർത്തനത്തിന്റെ (ആധുനികവൽക്കരണത്തിന്റെ) അനന്തരഫലമാണ് ഈ അസഹിഷ്ണുത എന്നു മനസ്സിലാക്കുന്നത് വീണ്ടും നമ്മെ പ്രതിസന്ധിയിലാക്കും. കാരണം ലോകത്ത് മിക്കയിടത്തും ആധുനികവൽക്കരണം അടഞ്ഞ സമൂഹങ്ങളെ കൂടുതൽ തുറന്നതാക്കിയപ്പോൾ കേരളത്തിൽ അത് കൂടുതൽ അടഞ്ഞ സമൂഹത്തെ സൃഷ്ടിക്കാനാണ് പ്രേരകമായത്. കൊളോണിയൽ മൂന്നാം സംസ്കാരം എന്ന് ചരിത്രകാരന്മാർ വിളിക്കുന്ന പ്രതിഭാസം (കോളനി പ്രദേശങ്ങളുടെ സംസ്കാരം കോളനി മേധാവികളുടെ സംസ്കാരത്തെ അനുകരിച്ച് ഒടുവിൽ മൂന്നാമതൊന്നായി മാറിത്തീരൽ) തന്നെയായിരിക്കണം കേരളത്തിന്റെ പിന്നാക്കം മറിച്ചിലിന്റെ കാരണം.

പാശ്ചാത്യമിഷനിൻ ഇവിടെ നൽകിയ വിദ്യാഭ്യാസത്തിൽ അവിശ്വാസികളിൽ 'ഉയർന്ന' (വിക്ടോറിയൻ) സദാചാരബോധം ഉണ്ടാക്കാനുള്ള പാഠങ്ങൾ പ്രത്യക്ഷമായി അടങ്ങിയിരിക്കുന്നു. സ്ത്രീപുരുഷ ബന്ധങ്ങളെപ്പറ്റിയുള്ള മിഷനറിമാരുടെ വീക്ഷണവും വളരെ സങ്കുചിതമായിരുന്നല്ലോ. പക്ഷെ മിഷനറി വിദ്യാഭ്യാസത്തിനുശേഷവും നമ്മൾ ആ സദാചാര നിയമങ്ങൾ ഇത്ര കർക്കശമായി പാലിച്ചുകൊണ്ടുവരുമെന്ന് അവർപോലും പ്രതീക്ഷിച്ചിരുന്നില്ല. അമേരിക്കയിലും യൂറോപ്പിലുമാണെങ്കിൽ 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ സ്ത്രീ ആക്ടിവിസ്റ്റുകളുടെയും നരവംശശാസ്ത്രത്തിന്റെയും ബോധപൂർവ്വമായ ഇടപെടലിന്റെ ഫലമായി ആ വിദ്യാഭ്യാസ രീതിതന്നെ മാറിയിരുന്നു. 20–ാം നൂറ്റാണ്ടിലെ മിഷനറിമാരുടെ സദാചാര സങ്കല്പം അവിടെ മാറിയതായി കാണാം. അതുകൊണ്ടായിരിക്കണം വളരെ വൈകി ആധുനികവൽക്കരിച്ച നാഗാലാന്റിലും മിസോറാമിലും മറ്റും കേരള മാതൃകയിലുള്ള സദാചാര നിയമങ്ങൾ വേരുപിടിപ്പിക്കാതിരുന്നത്.

കേരളത്തിലും കൗമാര പ്രായം മുതൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരസ്പരം ഇടപെടാനുള്ള സന്ദർഭങ്ങൾ വർദ്ധിച്ചുവരികയും സാമൂഹ്യ പ്രവർത്തകരുടെ ബോധപൂർവ്വമായ ഇടപെടൽ ഉണ്ടാവുകയും ചെയ്യുമ്പോൾ സാവധാനത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. ഇതിനോടുള്ള പ്രതികരണമെന്ന നിലയിൽ വ്യവസ്ഥാപിത സംഘടനകൾ കൂടുതൽ കൂടുതൽ സദാചാര നിയമങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. സാമൂഹ്യ മാറ്റങ്ങളെ പ്രോത്സാഹിപ്പിക്കേണ്ട വിപ്ലവ പാർട്ടികൾ സദാചാര നിയമങ്ങളുടെ ശക്തമായ സംരക്ഷകരായി മാറുന്നു എന്നതാണ് സമകാലിക കേരളത്തിലെ ഏറ്റവും വലിയ വൈരുദ്ധ്യം.

## ബിജു എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ്

### പർണാബ് മുഖർജി അനുസ്മരണ പ്രഭാഷണം നടത്തും

**കേരളീയം** ഏർപ്പെടുത്തിയ ബിജു എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ് വിതരണവും അനുസ്മരണ പ്രഭാഷണവും **ജൂൺ 28 വ്യാഴാഴ്ച വൈകീട്ട് 4.30ന് തൃശൂർ സാഹിത്യ അക്കാദമിയിൽ** വച്ച് നടത്തുന്നു. ഫെലോഷിപ്പിന് അർഹനാകുന്ന വ്യക്തിക്ക് ബംഗാളി നാടകപ്രവർത്തകനും ആക്ടിവിസ്റ്റുമായ **പർണാബ് മുഖർജി** 10,002 രൂപയുടെ ഫെല്ലോഷിപ്പ് കൈമാറും. തുടർന്ന് **'വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സ്വാതന്ത്ര്യ സമരങ്ങളും ഭരണകൂട ഭീകരതയും'** എന്ന വിഷയത്തിൽ അദ്ദേഹം ബിജു. എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തും. **'കേരളത്തിലെ വനങ്ങൾ നേരിടുന്ന ഭീഷണികൾ'** എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കുന്ന പഠന റിപ്പോർട്ടിനാണ് ഇത്തവണ ഫെല്ലോഷിപ്പ് നൽകുന്നത്.

കേരളീയം കോളമിസ്റ്റും പാരിസ്ഥിതിക അവബോധമുള്ള നിരവധി ലേഖനങ്ങളുടെ കർത്താവുമായിരുന്ന അന്തരിച്ച ബിജു. എസ്. ബാലന്റെ പേരിൽ 2009 മുതലാണ് കേരളീയം ഫെലോഷിപ്പ് നൽകുന്നത്. കേരളത്തിലെ ആശുപത്രി മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള പഠന റിപ്പോർട്ടിന് മാധ്യമം ദിനപത്രത്തിന്റെ കോഴിക്കോട് യൂണിറ്റിൽ സബ് എഡിറ്ററായ വി.പി. റജീനയ്ക്കാണ് 2009ൽ ഫെല്ലോഷിപ്പ് ലഭിച്ചത്. ഏഷ്യാനെറ്റ് മുൻ ഡയറക്ടർ ശശികുമാർ റജീനയ്ക്ക് ഫെല്ലോഷിപ്പ് തുക കൈമാറി. വികസനത്തിന്റെ മറവിൽ നടക്കുന്ന കണ്ടൽകാടുകളുടെ നശീകരണത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിന് ജനയുഗം പത്രത്തിലെ സബ് എഡിറ്ററായ കെ. സന്ദീപ് 2010 ലെ ഫെല്ലോഷിപ്പിന് അർഹനായി. ഡോക്യുമെന്ററി സംവിധായകൻ ജോഷി ജോസഫ് സന്ദീപിന് ഫെലോഷിപ്പ് കൈമാറി. കുടിയൊഴിപ്പിക്കലിന്റെ രാഷ്ട്രീയം എന്ന പഠന റിപ്പോർട്ടിന് മാധ്യമം പത്രത്തിലെ സബ് എഡിറ്ററായ കെ. പി. റഷീദിനാണ് 2011 ലെ ഫെല്ലോഷിപ്പ് ലഭിച്ചത്. പരിസ്ഥിതി പ്രവർത്തകൻ പാണ്ഡുരംഗ ഹെഗ്ഡെ ഫെല്ലോഷിപ്പ് റഷീദിന് കൈമാറി.